# കൃഷി വകുപ്പിന്റെ വിഷനാശിനി പ്രയോഗത്തിനെതിരെ ജാഗ്രത പുലർത്തുക

സി. ഡി. സുനീഷ്

ആഗോള വ്യാപകമായി 'എൻഡോസൾഫാൻ' എന്ന വിഷനാശിനി നിരോധിക്കാൻ ഉള്ള നീക്കങ്ങൾ നടക്കുമ്പോൾ കേരളത്തിലെ കൃഷി ഭവനകൾ വഴി പാലക്കാട്, മലപ്പുറം, കോഴിക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കശുമാവിൻ തോട്ടങ്ങളിൽ ഇത് വ്യാപകമായി തെളിക്കാൻ കൃഷിവകുപ്പ് നിർദ്ദേശം നൽകിയിരിക്കുന്നു.

കാസർഗോഡ് ജില്ലയിലെ കശുമാവിൻ തോട്ടങ്ങൾക്കരികിലെ ഗ്രാമീണർ ഈ വിഷനാശിനിയുടെ ഇരകളാണ്. കാൻസർ, മാനസികാസ്വാസ്ഥ്യങ്ങൾ, തലച്ചോറ് സംബന്ധമായ അസുഖങ്ങൾ കൈയ്യും കാലും തളർച്ച, തീരാ തലവേദന, നെഞ്ചുവേദന എന്നിവയാണ് കഴിഞ്ഞ 20 വർഷത്തിനിടെ ഈ ഗ്രാമീണർ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ.

1999 മുതൽ ജർമനി, നെതർലാന്റ്, സിങ്കപ്പൂർ, സ്വീഡൻ, ബംഗ്ലാദേശ്, ഫിലിപ്പൈൻസ് എന്നീ രാജ്യങ്ങൾ എൻഡോസൾഫാൻ നിരോധിച്ചിരിക്കുകയാണ്.

കശുമാവ് പൂക്കുന്ന കാലത്ത് കൊതുകുകളുടെ ആക്രമണത്തിനെതിരെയാണ് അമ്പത് ശതമാനം സബ്സിഡിയോടെ കൃഷിവകുപ്പ് ഈ വിഷനാശിനി വിതരണം ചെയ്യാൻ പദ്ധതി ഇട്ടിരിക്കുന്നത്.

ആദ്യം ഇരകളെ സൃഷ്ടിക്കുക പിന്നെ ഇരകൾക്കുള്ള മരുന്ന് ഉൽപ്പാദിപ്പിക്കുക എന്നതാണല്ലോ ബഹുരാഷ്ട്ര കുത്തകകളുടെ വിപണന തന്ത്രം. ഈ കൊട്ടുംക്രൂരതക്ക് കൂട്ട് നിൽക്കുകയാണ് കൃഷിവകുപ്പ്.

എൻഡോസൾഫാന്റെ ഉപയോഗം നിർത്തി വെക്കണമെന്ന് ദേശീയ കാർഷിക ഗവേഷണ വികസന കേന്ദ്രം ഡയറക്ടർ കേരള കാർഷിക സർവ്വകലാശാലക്ക് നൽകിയ നിർദ്ദേശം പാടെ നിഷേധിച്ചാണ് വ്യാപകമായ മരുന്ന് പ്രയോഗത്തിന് കൃഷിവകുപ്പ് മുതിരുന്നത്.

കാസർഗോഡ് ജില്ലയിലെ ആറു പഞ്ചായത്തുകൾ ഈ വിഷനാശിനി പ്രയോഗത്തിനെതിരെ പ്രമേയം പാസ്സാക്കി. ജനകീയ പ്രതിരോധത്തിന് ഒരുങ്ങുകയാണിപ്പോൾ. പത്രദൃശ്യ മാധ്യമങ്ങളാണെങ്കിൽ എൻഡോസൾഫാനെതിരായ പരസ്യമായ യുദ്ധത്തിലാണ്.

ഈ വിഷനാശിനി ഒരു നിമിത്തം മാത്രം. നമ്മുടെ മണ്ണും വായുവും വെള്ളവും മലിനമാക്കി ജനങ്ങളെ തീരാരോഗികളാക്കുന്ന എത്ര രാസ കീടനാശിനികൾ നമ്മുടെ വീട്ടുമുറ്റങ്ങളിൽ, പറമ്പിൽ, കൃഷിയിടങ്ങളിൽ പച്ചക്കറികളിൽ ഉണ്ടാകും. മണ്ണിനേയും മനുഷ്യരേയും മൃതരാക്കുന്ന ഈ വിഷനാശിനികൾക്കെതിരായ പ്രതിരോധം സ്വന്തം വീട്ടുമുറ്റത്തുനിന്നും തുടങ്ങിയാലേ വിഷനാശിനിക്കെതിരെ സർഗ്ഗാത്മകമായ പ്രതിരോധമുയർത്താനാകൂ...